# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 799** — 02.12.2015 ലെ മറുപടിക്ക്

## ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നിന്നും മെഡിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയവർക്ക് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ മെറിറ്റ് സീറ്റിൽ സർക്കാർ ക്വോട്ടയിൽ പ്രവേശനം ലഭിച്ചവർക്കുപോലും രജിസ്ട്രേഷൻ നൽകാത്ത വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കാത്ത മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സ് പാസായവർക്ക് നിലവിൽ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നൽകുന്നില്ല. |
| (സി) വിദേശരാജ്യങ്ങളിൽ നിന്നും മെഡിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കുന്നവർക്കുപോലും രജിസ്ട്രേഷൻ ലഭിക്കുന്ന സാഹചര്യത്തിൽ സർക്കാർ ക്വോട്ടയിൽ പഠനം പൂർത്തിയാക്കുന്നവർക്ക് രജിസ്ട്രേഷൻ ലഭിക്കാത്ത സാഹചര്യം ഗൗരവമായി വിലയിരുത്തുമോ ; | (സി) & (ഡി): ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും വിദേശ രാജ്യങ്ങളിൽ നിന്നും നേടിയതുമായ ബിരുദാനന്തര ബിരുദങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചശേഷം മതിയെന്ന് 16/10/2015-ലെ കൗൺസിൽ പ്രകാരം തീരുമാനമായിട്ടുണ്ട്. |
| (ഡി) ഇത്തരത്തിലുള്ള അപാകം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ